# പതിനാലാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1250 3.10.2016-ൽ മറുപടിയ്ക്ക്

## പഞ്ചിംഗ് സമ്പ്രദായം

| | ചോദ്യം<br>ശ്രീ. വി.കെ.സി. മമ്മത് കോയ | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സർക്കാർ ഓഫീസുകളിലെ എല്ലാ ഹെഡ് ഓഫീസുകളിലും പഞ്ചിംഗ് സമ്പ്രദായം നിലവിൽ വന്നിട്ടുണ്ടോ ; | (എ) | സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്ക് കീഴിലുള്ള എല്ലാ ഡയറക്ടറേറ്റുകളിലും പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പി.എസ്.സി തുടങ്ങി പ്രധാനപ്പെട്ട സ്ഥാപനങ്ങളിലെല്ലാം പഞ്ചിംഗ് സമ്പ്രദായം ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ വിവിധ വകുപ്പുകളിൻ കീഴിലെ എല്ലാ ഹെഡ് ഓഫീസുകളിലും പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | നിലവിൽ വന്നിട്ടില്ലെങ്കിൽ ഏതൊക്കെ ഓഫീസുകളിലെന്നും കാരണം എന്തെന്നും വ്യക്തമാക്കുമോ ; | (ബി) | എല്ലാ ഹെഡ് ഓഫീസുകളിലും പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. |
| (സി) | പഞ്ചിംഗ് സംവിധാനം നിലനില്ക്കുന്ന ഓഫീസുകളിൽ ജീവനക്കാർ പഞ്ച് ചെയ്തശേഷം അനധികൃതമായി പുറത്തുപോകുന്നതും വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓഫീസ് മാനുവലുകളിൽ മൂവ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുവാനും, ആയത് മേലുദ്യോഗസ്ഥർ പരിശോധനയ്ക്ക് വിധേയമാക്കണമെന്നും പ്രതിപാദിക്കുന്നുണ്ട്. ആയത് കർശനമായി പാലിക്കപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ